**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ നെല്ലിയാംകുന്ന് പട്ടികജാതി കോളനി, മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കുഴി പട്ടികജാതി കോളനി, താഴേക്കോട് ഗ്രാമപഞ്ചായത്തിലെ മരുതാംപാറ പട്ടികജാതി കോളനി, മാട്ടറ അമ്പലക്കുന്ന് പട്ടികജാതി കോളനി, വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ഒറവിങ്ങൽ കോളനി, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുന്നക്കാട്ടുകുഴി പട്ടികജാതി കോളനി എന്നീ കോളനികളെ 2016-17, 2019-20, 2020-21, 2021-22 വർഷങ്ങളിലെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>കൂടാതെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കണ്ടംചിറ പട്ടികജാതി കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി (2016-17), കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേർതൊടി പള്ളിക്കുത്ത് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം (2021-22), വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി സമഗ്രവികസനം എന്നീ പദ്ധതികളും നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്.<br><br>താഴെക്കോട് ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാടി ആറാംകുന്ന് പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ കോളനികളിലും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നെല്ലിയാംകുന്ന്, പൂളക്കുഴി എന്നീ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തികരിച്ച് നിർവ്വഹണ ഏജൻസി ഫൈനൽ |

ബിൽ സമർപ്പിച്ചിട്ടുണ്ട്. 2019 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മരുതാംപാറ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പൊതു കിണറുകളുടെ പുനരുദ്ധാരണം തുടങ്ങിയ അഡീഷണൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മാട്ടറ അമ്പലക്കുന്ന്, ഒറവിങ്ങൽ എന്നീ കോളനികളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെട്ട കുന്നക്കാട്ടുകഴി കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിനും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2016-17 വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലിപറമ്പ് ഗ്രാമപഞ്ചായത്തിലെ കണ്ടംചിറ പട്ടികജാതി കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ പ്രകാരം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 9 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. 2021-22 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേർത്തൊടി പള്ളിക്കുത്ത് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം 60 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആയതും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. 25.11.2022 ന് ഭരണാനുമതി നൽകിയ വെട്ടത്തൂർ ഗ്രാമപ ഞ്ചായത്തിലെ ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി സമഗ്ര വികസനം പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

ആറാംകുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഊരുകൂട്ടം ചേർന്ന് പദ്ധതികളുടെ മുൻഗണനാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഡി.പി.ആർ തയ്യാറാക്കാൻ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ ന് അംഗീകാരം നൽകി പദ്ധതി

| | | | |
|---|---|---|---|
| | | | അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ നടപ്പുവർഷം പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ? | (സി) | 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നെല്ലിയാംകുന്ന്, പൂളക്കുഴി എന്നീ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തികരിച്ച് നിർവ്വഹണ ഏജൻസി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. 2019 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മരുതാംപാറ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പൊതു കിണറുകളുടെ പുനരുദ്ധാരണം തുടങ്ങിയ അഡീഷണൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മാട്ടറ അമ്പലക്കുന്ന്, ഒറവിങ്ങൽ എന്നീ കോളനികളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെട്ട കുന്നക്കാട്ടുകഴി കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിനും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2016-17 വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലിപറമ്പ് ഗ്രാമപഞ്ചായത്തിലെ കണ്ടംചിറ പട്ടികജാതി കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ പ്രകാരം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 9 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. 2021-22 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേർത്തൊടി പള്ളിക്കുത്ത് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം 60 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആയതും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. 25.11.2022 ന് ഭരണാനുമതി നൽകിയ വെട്ടത്തൂർ ഗ്രാമപ ഞ്ചായത്തിലെ ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി സമഗ്ര വികസനം പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. |

| | | | |
|---|---|---|---|
| | | | ആറാംകുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഊരുകൂട്ടം ചേർന്ന് പദ്ധതികളുടെ മുൻഗണനാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഡി.പി.ആർ തയ്യാറാക്കാൻ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ ന് അംഗീകാരം നൽകി പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ